# പഠനത്തിനായി പാതയൊരുക്കാം

# മുന്നേറാം

സ്റ്റാൻഡേർഡ് 3

## മലയാളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) കേരളം

# ആമുഖം

മാനവരാശി അത്യപൂർവമായി അഭിമുഖീകരിക്കേണ്ടിവന്ന മഹാമാരികളിൽ ഒന്നാണല്ലോ കോവിഡ് 19. ഇതിന്റെ പശ്ചാത്തലത്തിൽ രണ്ടു വർഷത്തോളം സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാവുകയും ഔപചാരിക പഠനപ്രവർത്തനങ്ങൾക്ക് പ്രതിബന്ധം ഉണ്ടാവുകയും ചെയ്തു. സ്കൂളുകൾ അടച്ചിട്ട തുമൂലം ഓരോ പ്രായത്തിലും ഉള്ള കുട്ടികൾക്ക് ലഭിക്കേണ്ട സാമൂഹിക, വൈകാരിക, ബൗദ്ധിക തലങ്ങളിലെ വികാസത്തിനുള്ള അനുഭവങ്ങൾ ലഭിക്കാതെ പോയിട്ടുണ്ട്. എങ്കിലും ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും കഴിയാത്തവിധം ഡിജിറ്റൽ ക്ലാസുകൾ ഉറപ്പാക്കി ഇതിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തി, കേരളം ലോകത്തിന് തന്നെ മാതൃകയായി. കോവിഡ് 19 മൂലം കുട്ടികളിൽ പൊതുവായി കാണുന്ന സാമൂഹിക വൈകാരിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതോടൊപ്പം കുട്ടികൾക്ക് ഉണ്ടായ പഠന വിടവുകളും അതുമൂലം ഉണ്ടായ പഠനപ്രയാസങ്ങളും കണ്ടെത്തി കൈത്താങ്ങ് നൽകേണ്ട തുണ്ട്. അതിനായിട്ടാണ് ഈ പ്രവർത്തനസഞ്ചയം പ്രസിദ്ധീകരിക്കുന്നത്. ഓരോ പ്രായഘട്ടത്തിലും കുട്ടികൾ ആർജിച്ചിരിക്കേണ്ട അനുഭവതലവും അതിനായി ഉണ്ടാകേണ്ട അടിസ്ഥാനധാരണകളും നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തിയാണ് ഇത് തയ്യാറാക്കിയിരി ക്കുന്നത്. കുട്ടികളുടെ ചിന്താപ്രക്രിയയും വിശകലനശേഷിയും സ്വാധീനി ക്കുന്നവിധം വിവിധ മുന്നറിവുകൾ ഉപയോഗിച്ച് ബൗദ്ധികവികാസവും അതുവഴി ഭാഷാ വികാസവും പരിപോഷിപ്പിക്കാനുള്ള ഒരു പദ്ധതിക്കാണ് ഇതിലൂടെ തുടക്കമിടുന്നത്.

**ഡയറക്ടർ**

**അധ്യാപകരോട്...**

വൈവിധ്യമാർന്ന ശേഷികളും ആശയ ധാരണകളും നേടുന്നതിന് അനുഗുണമായ വിധത്തിലുള്ള സർഗാത്മക പുനരനുഭവപ്രവർത്തനങ്ങൾ ആയാണ് ഈ രേഖ തയാറാക്കിയിരി ക്കുന്നത്. അതോടൊപ്പം ആവശ്യമെങ്കിൽ മുൻകാലത്ത് ലഭ്യമാക്കിയിട്ടുള്ള എന്റെ മലയാളം, നവപ്രഭ, ശ്രദ്ധ തുടങ്ങിയ പഠന സാമഗ്രികളിലെ പ്രവർത്തനങ്ങളും യഥോചിതം പ്രയോജ നപ്പെടുത്താവുന്നതാണ്. മറ്റ് താഴ്ന്ന ക്ലാസുകൾക്കായി നല്കിയി ട്ടുള്ള ചില പ്രവർത്തനങ്ങളും ആവശ്യമെങ്കിൽ ഭാഷാശേഷീവികസനത്തിനായി ഉപയോഗി ക്കാവുന്നതാണ്.

യു.പി, ഹൈസ്കൂൾ തലങ്ങളിൽ അടിസ്ഥാനപാഠാവലി ആധാരമാക്കിയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളതെങ്കിലും കേരളപാഠാവലിയുടെ ക്ലാസ്റൂം പ്രവർത്തന ങ്ങൾക്കു കൂടി അനുയോജ്യമായ രീതിയിൽ ഇതിലെ പ്രവർത്തനങ്ങളുടെ ഉള്ളടക്കത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രയോജനപ്പെടുത്താവുന്നതാണ്.

കുട്ടികളുടെ വിവിധങ്ങളായ പഠനപ്രശ്നങ്ങളും പഠനവിടവുകളും പരിഹരിക്കുന്ന തിന് ശിശുകേന്ദ്രീകൃതവും പ്രക്രിയാധിഷ്ഠിതവും ജ്ഞാനനിർമിതി സങ്കൽപ്പത്തിന് ഇണങ്ങുന്നതും നിരന്തരവിലയിരുത്തൽ സാധ്യതകൾ പരിഗണിക്കുന്നതുമായ പഠനരീതി യും സമീപനവുമാണ് സ്വീകരിക്കേണ്ടത്. വൈവിധ്യപൂർണമായ പഠനാനുഭവങ്ങളാണ് ഇതിനായി ആസൂത്രണം ചെയ്യേണ്ടത്. വൈകാരികമുഹൂർത്തങ്ങൾ, രസകരമായ സംഭവങ്ങൾ, നാടകീയതയുള്ള രംഗങ്ങൾ, കൗതുകം ഉണർത്തുന്ന കാര്യങ്ങൾ, ഭാവന ഉണർത്തുന്ന ഉള്ളടക്കം, താളാത്മകമായ ഭാഷ, ആകർഷകമായ അവതരണം ഇതെല്ലാം കുട്ടികൾക്ക് നൽകുന്ന പഠനപ്രവർത്തനങ്ങൾക്ക് ഉണ്ടായിരിക്കേണ്ട സവിശേഷതകളാണ്.

കുട്ടികൾക്ക് താല്പര്യമുള്ള പാട്ടുകൾ, ദൃശ്യങ്ങൾ, സിനിമാഭാഗങ്ങൾ/ഗാനങ്ങൾ, ഷോർട്ട് ഫിലിമുകൾ, നാടൻപാട്ടുകൾ, കലാകായിക പരിപാടികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ആഡിയോ, വീഡിയോ പഠനസാമഗ്രികൾ മുതലായവ സർഗാത്മകമായി ക്ലാസിൽ പ്രയോജനപ്പെടുത്തണം. ടീച്ചറുടെ നിരന്തരവിലയിരുത്തലിനും ഒപ്പംതന്നെ സ്വന്തം പുരോഗതി സ്വയംവിലയിരുത്താനും കുട്ടിക്കും അവസരം ലഭിക്കണം. ഉള്ളടക്കപരമായി ഉണ്ടായ വിടവ് നികത്തുന്നതിന് വേണ്ടി പാഠഭാഗങ്ങളെ കൂടുതൽ വൈവിധ്യപൂർണമായ സാമഗ്രികൾ ഉപയോഗിച്ച് വിശകലനം ചെയ്യുന്നതിന് ഉതകുന്ന മികച്ച പുനരനുഭവങ്ങളും നൽകണം.

ഏറെ പിന്നാക്കം നിൽക്കുന്നവരെ ക്രമേണ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കാൻ അധ്യാപകർ ശ്രമിക്കണം. അതിന് ക്ലാസ്റൂം അന്തരീക്ഷം പ്രചോദനാത്മകവും പ്രോത്സാഹ ജനകവും ആകണം. കുട്ടികളുടെ ഭാഷയും ഭാവനയും സർഗാത്മകതയും വികസിക്കുന്ന വിധത്തിലുള്ള ഊർജസ്വലമായ അന്തരീക്ഷം ക്ലാസിലുണ്ടാവണം. എല്ലാ കുട്ടികൾക്കും വ്യക്തിഗതമായ ശ്രദ്ധ ലഭിക്കുന്നു എന്ന് പ്രത്യേകം ഉറപ്പുവരുത്തുകയും വേണം. അധ്യാപകന്റെ ഭാഷയിലും പെരുമാറ്റത്തിലും ഇടപഴകലിലും പിന്തുണയിലും എല്ലാം സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും വൈകാരികതലം കുട്ടിക്ക് അനുഭവപ്പെടണം.

അധ്യാപകന്റെ ബോർഡ് എഴുത്തും ചാർട്ട് എഴുത്തും മാതൃകാപരമാവണം. പാഠ പുസ്തകത്തിലെ ലിപി തന്നെ ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത് നന്നായിരിക്കും.

ഓരോ ടീച്ചറും പഴയതും പുതിയതുമായ ലിപികൾ ഇടകലർത്തി ഉപയോഗിക്കുന്നത് കുട്ടികൾക്ക് വലിയ ആശയക്കുഴപ്പം ഉണ്ടാക്കുന്നുണ്ട്. അത് കുട്ടിയുടെ എഴുത്തിലെ പിഴവുകൾക്ക് കാരണമാവുന്നുണ്ട് എന്ന് നാം തിരിച്ചറിയണം. ഓരോ കുട്ടിയുടെയും പഠനവേഗം, ശൈലി എന്നിവ വ്യത്യസ്തമാണ് എന്ന തിരിച്ചറിവ് എപ്പോഴും അധ്യാപകർക്ക് ഉണ്ടാവണം. ക്ഷമയോടുകൂടി അത്തരം സാഹചര്യങ്ങളെ മറികടക്കാൻ ശ്രമിക്കണം. കുട്ടിക്ക് കൂടുതൽ ഊർജവും ആത്മവിശ്വാസവും പകരണം. കുട്ടിയുടെ ഭാഷാപരമായ മികവുകളും പോരായ്മകളും മനസ്സിലാക്കി സഹായിക്കേണ്ടത് എങ്ങനെയെന്ന് രക്ഷിതാവിന് തിരിച്ച റിയാൻ കഴിയണം. കുട്ടിക്ക് വീട്ടിൽ ഒരുക്കേണ്ട വായനാനുഭവം, എഴുത്തനുഭവം, അവ മെച്ചപ്പെടുത്താനുള്ള എഡിറ്റിംഗ് എന്നിവ സംബന്ധിച്ച് ക്ലാസ് പി.ടി.എ, ഗൃഹസമ്പർക്കം തുടങ്ങിയ സന്ദർഭങ്ങളിൽ രക്ഷിതാക്കൾക്ക് പ്രായോഗികധാരണ നൽകണം. ഭിന്നശേഷി കുട്ടികൾക്കായുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ ഓരോ കുട്ടിക്കും അനുയോജ്യമായ വിധത്തിൽ വ്യക്തിഗത സവിശേഷതകൾ കൂടി പരിഗണിച്ചാണ് വിനിമയം ചെയ്യേണ്ടത്. ഇതിനായി റിസോഴ്സ് അധ്യാപകരുമായിച്ചേർന്ന് പ്രത്യേക ആസൂത്രണം നടത്തേണ്ടതാ ണ്.

വാചിക, ലിഖിത പ്രകടനങ്ങളിൽ ആത്മവിശ്വാസം വളരുന്നതിനായി കൂട്ടായി വായി ക്കാനും എഴുതാനുമുള്ള അവസരങ്ങൾ ക്ലാസിൽ ഒരുക്കണം. അതിനൊപ്പം പരസ്പരം വിലയിരുത്താനും പരസ്പരം സഹായിച്ച് മെച്ചപ്പെടുത്താനുമുള്ള മനോഭാവവും കുട്ടികളിൽ സൃഷ്ടിക്കണം.

പഠനപ്രയാസമനുഭവിക്കുന്ന കുട്ടികളുടെ എഴുത്തുപുസ്തകം കഴിയുന്നതും എല്ലാ ദിവസവും ടീച്ചർ വിലയിരുത്തുകയും ആവശ്യമായ പിന്തുണകൾ നൽകുകയും ചെയ്യണം. അവരുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന നേരിയ പുരോഗതി പോലും പ്രത്യേകം എടുത്തു പറഞ്ഞു അഭിനന്ദിക്കണം. നോട്ടുപുസ്തകത്തിൽ അഭിനന്ദനവാക്യങ്ങൾ, നക്ഷത്രചിഹ്ന ങ്ങൾ പോലെയുള്ള പ്രോത്സാഹനമുദ്രകൾ എന്നിവയും രേഖപ്പെടുത്തുന്നത് ഏറെ പ്രചോദ നം നൽകും.

ഈ ഭാഗം മൂന്നാം ക്ലാസിലെ കുട്ടികൾക്കായിട്ടുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഇതിലെ പ്രവർത്തനങ്ങൾ മാതൃകയായി കണ്ടുകൊണ്ട് ഓരോ പ്രദേശത്തിനും കുട്ടികളുടെ നിലവാരത്തിനും അനുസരിച്ച് അധ്യാപകർ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്. മൂന്നാംക്ലാസിലെ വായന, ലേഖനം എന്നിവയ്ക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. കുട്ടികൾക്ക് അക്ഷരം ഉറപ്പിക്കുന്നതിന് ആശയാവതരണരീതിയിലുള്ള ജൈവപാഠങ്ങൾ പ്രയോജനപ്പെടുത്തുന്ന രീതിശാസ്ത്രമാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നത്. അക്ഷരതലത്തിലും പദതലത്തിലും വാക്യതലത്തിലുമുള്ള പഠനപ്രയാസങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് മുഴുവൻ അധ്യാപകരുടെയും ആത്മാർഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

## ക്ലാസ് 3

**പ്രവർത്തനം 1 – ഉത്സവകാലം**


**ശേഷികൾ/ധാരണകൾ : ചിത്രങ്ങൾ വിശകലനം ചെയ്ത് അതിലെ ആശയങ്ങൾ വാചികമായും ലിഖിതമായും പ്രകടിപ്പിക്കുന്നതിന്**

**അധ്യാപിക/അധ്യാപകൻ ഭാവാത്മകമായി ഒരു വിവരണം ക്ലാസ്സിൽ അവതരിപ്പിക്കുന്നു.**

> ഉത്സവകാലം എത്ര സന്തോഷകരമാണ് അല്ലേ? താളമേളങ്ങളും കലാപരിപാടികളും ഘോഷയാത്രകളുമായി സന്തോഷകാലമാണത്. കുട്ടികൾക്കും ഉത്സവകാലങ്ങൾ വളരെ പ്രിയപ്പെട്ടതാണ്. സമ്മാനങ്ങളും പുതിയ വസ്ത്രങ്ങളും രുചികരമായ ഭക്ഷണവും വിനോദയാത്രകളും ചേർന്നുള്ള ഉത്സവക്കാഴ്ചകളുടെ രസകരമായ വഴികളിലൂടെ നമ്മൾ സഞ്ചരിക്കാൻ പോവുകയാണ്.




സർക്കസ് കൂടാരം



ഉത്സവക്കച്ചവടം



വള്ളംകളി



ആളുകളുടെ വലിയകൂട്ടം




ഘോഷയാത്ര

ആനന്ദപുരി ഗ്രാമത്തിലെ ഉത്സവക്കാഴ്ചകളുടെ ചിത്രങ്ങളാണിത്. ഇവയിൽ നിങ്ങൾ എന്തെല്ലാം കാഴ്ചകൾ ആണ് കാണുന്നത്. നിങ്ങളുടെ നോട്ട് ബുക്കിൽ രേഖപ്പെടുത്തൂ.


**അധ്യാപകരോട്**

ആനന്ദപുരി ഗ്രാമത്തിന്റെ ഉത്സവത്തിന്റെ ചിത്രം കാർഡുകളിൽ/ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ച് കുട്ടികളെ കാണിക്കുന്നു. കുട്ടികൾ രേഖപ്പെടുത്തിയത് അധ്യാപകർ/അധ്യാപിക പരിശോധിക്കുന്നു. അവ വായിപ്പിക്കുകയും നോട്ട്ബുക്കിൽ എഴുതിയിരിക്കുന്നത് പരസ്പരം കൈമാറി മെച്ചപ്പെടുത്തുന്നു. നിരവധി കുട്ടികൾ ഒരേ തെറ്റ് (അക്ഷരം, പദം, വാക്യം) ആവർത്തിക്കുന്നു എങ്കിൽ ബോർഡിൽ അവ വ്യക്തമായി വായിക്കുന്നു, എഴുതുന്നു.

**പ്രവർത്തനം 2 – ശരിയായ പദം കണ്ടെത്താം**

**ശേഷികൾ/ധാരണകൾ** : കൂട്ടക്ഷരങ്ങൾ ഉൾക്കൊള്ളുന്ന പദങ്ങൾ, ലഘുവാക്യങ്ങൾ എന്നിവ പറയുന്നതിനും എഴുതുന്നതിനും

ആനന്ദപുരിയിൽ ഉത്സവം നടക്കുന്ന സ്ഥലത്ത് വ്യത്യസ്തമായ അലങ്കാര ബൾബുകൾ ഉപയോഗിച്ചുകൊണ്ട് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ബോർഡ് ഒരു മാന്ത്രിക ബോർഡ് ആണ്. ഇതിൽ തെളിഞ്ഞുവരുന്നത് ''ത്ത'' എന്ന അക്ഷരം ഉപയോഗിച്ചുകൊണ്ടുള്ള വാക്കുകളാണ്. ആ വാക്കുകൾ വായിക്കാം, എഴുതാം. തുടർന്ന് പുസ്തകത്തിലുള്ള കൂടുതൽ പദങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.




അധ്യാപകരോട്: ബോർഡുകൾ തയാറാക്കി സ്കെച്ച് പേനകൾ കൊണ്ട് എഴുതുന്നതിനുള്ള അവസരം നൽകണം.

**പ്രവർത്തനം 3 – സർക്കസ് കൂടാരത്തിൽ**

**ശേഷികൾ/ധാരണകൾ :** ഉചിതമായി ഭാഷയിൽ ആശയവ്യക്തതയോടെ വാചികമായി ഭാഷ

*എല്ലാ വർഷവും നടക്കുന്ന ഗ്രാമോത്സവത്തിൽ ആബാലവൃദ്ധം ജനങ്ങളും പങ്കെടുക്കും. സർക്കസും വിവിധ മേളകളും പ്രദർശനവും മത്സരങ്ങളും ഈ ഉത്സവത്തിന്റെ ഭാഗമായി ഉണ്ട്. കാർഷിക ഉപകരണങ്ങളുടെയും ഉൽപന്നങ്ങളുടെയും പ്രദർശനവും വില്പനയും ഗ്രാമോത്സവത്തിന്റെ പ്രധാന ഇനമാണ്. ഈ കാഴ്ചകൾ ഒന്നു കാണേണ്ടതുതന്നെ. . . . . . .*

*''അച്ഛാ ഞങ്ങളെ സർക്കസിനു കൊണ്ടുപോകുമോ? രണ്ടാംക്ലാസിൽ പഠിക്കുന്ന അനു വളരെ ആകാംക്ഷയോടെയാണ് ഈ ചോദ്യം ചോദിച്ചത്.''*

*''തീർച്ചയായും കൊണ്ടുപോകും മോളേ . . . . . . .''*

*അച്ഛന്റെ മറുപടി കേട്ട അനുവിന് സന്തോഷമായി.*

*''നമ്മൾ ഇന്ന് വൈകുന്നേരം സർക്കസിനു പോകും.''*

*വൈകുന്നേരം ആകാൻ കാത്തിരിക്കുകയായിരുന്നു അനു. ജോലിയൊക്കെ കഴിഞ്ഞ് അച്ഛൻ വൈകുന്നേരം എത്തിയപ്പോൾ അമ്മയെയും അനിയൻ വിനുവിനെയും കൂട്ടി അച്ഛനും അനുവും കൂടി സർക്കസ് കാണാൻപോയി.*

*വലിയ കൂടാരത്തിനുമുമ്പിൽ മനോഹരമായി അലങ്കരിച്ച വാതിൽ ഉണ്ടായിരുന്നു. നിറമുള്ള വസ്ത്രങ്ങൾ ധരിച്ച് മുഖത്ത് ചായം തേച്ച പൊക്കംകുറഞ്ഞ രണ്ടുപേർ ചേർന്നാണ് അവരെ സ്വീകരിച്ചത്.*

*'' ഇവരാണ് കോമാളികൾ'' - അച്ഛൻ പറഞ്ഞു.*

*''സർക്കസ് നടക്കുന്നതിനിടയിൽ തമാശനിറഞ്ഞ നിരവധിപരിപാടികൾ അവതരിപ്പിക്കുന്നത് ഇവരാണ്.'' - അനു കൂട്ടിച്ചേർത്തു.*

*ടിക്കറ്റ് എടുത്ത് അവർ സർക്കസ് കൂടാരത്തിനുള്ളിൽ പ്രവേശിച്ചു.*

*''വിദേശത്തുനിന്നും കൊണ്ടുവന്ന മൃഗങ്ങൾ ഉൾപ്പെടെ പങ്കെടുക്കുന്ന ഗംഭീര പ്രകടനങ്ങൾ ആരംഭിക്കാൻ പോകുന്നു. . . എല്ലാവർക്കും . . . ഗ്രാൻഡ് സർക്കസിലേക്ക് സ്വാഗതം. . . ''*

*ആളുകൾ കൈയടിച്ചു.*

*നിരവധി മൃഗങ്ങൾ വേദിയിൽ അണിനിരന്നു. സംഗീതത്തിന്റെയും വെളിച്ചത്തിന്റെയും അകമ്പടിയിൽ ഇത് ഒരു അദ്ഭുത ലോകം ആയിട്ടാണ് അനുവിനും വിനുവിനും തോന്നിയത്.*

*തലയിൽ നീളമുള്ള ഒരു തൊപ്പി ധരിച്ച ഒരു കോമാളി വന്ന് ഓരോ മൃഗത്തെയും പരിചയപ്പെടുത്തി. . .*

*മൃഗങ്ങളുടെ പേരുകൾ വിളിക്കുമ്പോൾ ആ മൃഗത്തിന്റെ പ്രത്യേകതകൾ അച്ഛൻ അവർക്കു പറഞ്ഞുകൊടുത്തു. അച്ഛന്റെ ചോദ്യങ്ങൾക്കെല്ലാം കുട്ടികൾ ശരിയുത്തരം പറഞ്ഞത് അമ്മയെയും സന്തോഷവതിയാക്കി.*

അച്ഛൻ ചോദിച്ച ചോദ്യങ്ങൾ ഇതായിരുന്നു. നിങ്ങൾക്ക് ഇതിന്റെ ഉത്തരം പറയാമോ?

1 കരയിലെ ഏറ്റവും വലിയ ജീവി ഏത്?

2 മരുഭൂമിയിൽ മനുഷ്യന് വാഹനം ആയി ഉപയോഗിക്കാൻ കഴിയുന്ന മൃഗം ഏതാണ്?

3 നിലം ഉഴുന്നതിനു വേണ്ടി നമ്മൾ ഉപയോഗിക്കുന്ന മൃഗം ഏതാണ്?

4 ഏറ്റവും ഉയരം ഉള്ള ജീവി ഏതാണ്?

**മുകളിലുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഇവിടെ എഴുതാം.**

കുട്ടികൾ എഴുതിയ ഉത്തരങ്ങൾ പരസ്പരം കൈമാറി മെച്ചപ്പെടുത്തുന്നു.

**അധ്യാപകർക്കുള്ള നിർദേശങ്ങൾ**

കൂടുതൽ ചോദ്യങ്ങൾ കണ്ടെത്തുന്നതിനും അവയുടെ ഉത്തരങ്ങൾ എഴുതുന്നതിനും കുട്ടികൾക്ക് അവസരം നൽകണം.)

**പ്രവർത്തനം 4 – ചോദിക്കാം പറയാം**

ക്ലാസിൽ തയാറാക്കിവച്ചിരിക്കുന്ന ''ഉത്സവ ഭരണിയിൽ'' ഇതുപോലെയുള്ള ചോദ്യങ്ങൾ കാർഡുകളിൽ ആക്കി എഴുതി സൂക്ഷിച്ചിരിക്കുന്നു. അവ കുട്ടികൾക്ക് വരിവരിയായി വന്ന് എടുക്കാനുള്ള അവസരം നൽകുന്നു. എല്ലാവരും എടുത്ത് കഴിഞ്ഞതിനുശേഷം ഓരോരുത്തരായി അവരുടെ ഉത്തരങ്ങൾ അവതരിപ്പിക്കുന്നു. മികച്ച രീതിയിൽ അവതരിപ്പിക്കുന്ന കുട്ടികൾക്ക് അഭിനന്ദനങ്ങൾ നൽകുന്നു.


- മയിലിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്?
- വേഗത്തിൽ ഓടാൻ കഴിയുന്ന ജീവികൾ ഏതെല്ലാം?
- കരയിലെ ഏറ്റവും വേഗതയുള്ള ജീവി ഏത്?
- കുയിലിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്?

''ഉത്സവ ഭരണിയിൽ'' ഉപയോഗിക്കാൻ കഴിയുന്ന കൂടുതൽ ചോദ്യങ്ങൾ കുട്ടികൾ തയാറാക്കി ഉത്തരമെഴുതട്ടെ.

**പ്രവർത്തനം 5 – വിനുവിന്റെ ഡയറി**

**ശേഷികൾ/ ധാരണകൾ : (സ്വന്തം അനുഭവങ്ങൾ ഡയറിക്കുറിപ്പ് രൂപത്തിൽ തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുന്നതിന്)**

സർക്കസ് കണ്ട് അനുവും കുടുംബാംഗങ്ങളും രാത്രി വീട്ടിലെത്തിയപ്പോൾ 9 മണിയായി. അനു കുളിച്ചു ഭക്ഷണം കഴിച്ചതിനുശേഷം തന്റെ പതിവുജോലികളിൽ ഒന്നായ ഡയറിയെഴുത്ത് ആരംഭിച്ചു. മുടങ്ങാതെ എന്നും ഡയറി എഴുതിയിരുന്ന അനു ചില ദിവസങ്ങളിൽ അത് അനിയൻ വിനുവിനെ വായിച്ചുകേൾപ്പിക്കുകയും ചെയ്യും. സർക്കസ് കണ്ട സന്തോഷത്തിലാണ് അനു ഡയറി എഴുതിയത്. അനുവിന്റെ ഡയറിയിലെ ഒരു പേജാണ് ചുവടെ ചേർക്കുന്നത്.



അനു എഴുതിയ ഡയറിയുമായി അനിയന്റെ അടുത്തേക്കു ചെന്നു.

''അനിയാ. . . ഇത് ഞാൻ എഴുതിയ ഡയറിയാണ്. ഒരു തവണ വായിച്ചുനോക്കൂ. അതിനു ശേഷം എഴുതാൻ കഴിയുമോ എന്നു നോക്കൂ.''

''നോക്കാം ചേച്ചി. . . ചേച്ചിയുടെ ഡയറി തരുമോ. . . .''

വിനു ചേച്ചിയുടെ ഡയറി വാങ്ങി വായിച്ചു. സർക്കസിനെക്കുറിച്ചു വായിക്കുമ്പോൾ വിനുവിന്റെ മുഖത്ത് സന്തോഷം തെളിയുന്നത് അനു ശ്രദ്ധിച്ചു.


''ചേച്ചീ . . ഞാൻ. . എഴുതിയിട്ട് ചേച്ചിയെ കാണിക്കാം. . . ''

ഇങ്ങനെ പറഞ്ഞുകൊണ്ട് അനു നൽകിയ ചെറിയ ഡയറിയുമായാണ് അനിയൻ പോയത്.

**അധ്യാപകർക്കുള്ള നിർദേശങ്ങൾ**

ഡയറിയെഴുതുന്നതിനുള്ള കൂടുതൽ മാതൃകകൾ കുട്ടികൾക്കു നൽകണം. ഡയറി എഴുതേണ്ടതിന്റെ ആവശ്യകതകളെക്കുറിച്ചും വർഷങ്ങൾക്കു ശേഷം ആ ഡയറിയെടുത്തുവായിക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷത്തെക്കുറിച്ചും കുട്ടികളെ ബോധ്യപ്പെടുത്തണം.

മനോഹരമായരീതിയിൽ വിനുവും ഡയറി എഴുതി. വളരെകുറച്ചു വരികളെ ഉണ്ടായിരുന്നുള്ളു എങ്കിലും ഡയറി എഴുതാൻ അവൻ പഠിച്ചു. കൂട്ടുകാരേ. . . നമ്മൾക്കും ഡയറി എഴുതിത്തുടങ്ങിയാലോ........



**പ്രവർത്തനം 6 – തേൻമൊഴി**

**ശേഷികൾ/ധാരണകൾ :** സംഭാഷണം പൂർത്തിയാക്കുന്നതിനുള്ള ശേഷി നേടുന്നതിന്

ഉത്സവക്കാഴ്ചകളുടെ ഡയറിക്കുറിപ്പുകൾ എഴുതിപൂർത്തിയാക്കിയ വിനു അത് കാണിക്കുന്നതിനുവേണ്ടി അമ്മയുടെ അടുത്തേക്ക് ഓടി.



വിനു : അമ്മേ . . .  ഇതു നോക്കൂ. . ..

അമ്മ : . . . . . . . . . . . . . . . . . . . . . .

വിനു : ഞാൻ എഴുതിയ ഡയറിയാണ്

അമ്മ : . . . . . . . . . . . . . . . . . . . . . .

വിനു : ചേച്ചി പറഞ്ഞു തന്നു

അമ്മ : . . . . . . . . . . . . . . . . . . . . . .

വിനു : . . . . . . . . . . . . . . . . . . . . . .

അമ്മ : . . . . . . . . . . . . . . . . . . . . . .

വിനു : . . . . . . . . . . . . . . . . . . . . . .

അധ്യാപകരോട്: കുട്ടികൾ തയാറാക്കിയ സംഭാഷണം ഗ്രൂപ്പിൽ ചർച്ചക്ക് വിധേയമാക്കുന്നു. സഹപാഠികളുടെ രചനകൾ വിലയിരുത്തി വിശകലനംചെയ്ത് സ്വന്തംരചനകൾ മെച്ചപ്പെടുത്തുന്നതിനുള്ള അവസരം നൽകണം. സഭാഷണത്തെക്കുറിച്ച് അധ്യാപകൻ/അധ്യാപിക ക്രോഡീകരണം നൽകണം.

**പ്രവർത്തനം 7 – വായിക്കാം കണ്ടെത്താം**

മനോഹര സ്വപ്നങ്ങൾ കണ്ടാണ് അനുവും വിനുവും അന്ന് രാത്രി ഉറങ്ങിയത്. യാത്രാക്ഷീണവും കൂടി ഉള്ളതുകൊണ്ട് അവർ നന്നായി ഉറങ്ങി.

''മക്കളേ. .  സമയം ഒരുപാട് വൈകി. നിങ്ങൾക്ക് ഇന്ന് സ്കൂളിൽ പോകണ്ടേ. . .  എഴുന്നേൽക്കൂ''

അമ്മയുടെ വാക്കുകൾ കേട്ടാണ് അനുവും വിനുവും ചാടിയെഴുന്നേറ്റത്.

'' മക്കളേ നിങ്ങൾ വേഗം കുളിച്ചു തയാറായി വരൂ. നിങ്ങളെ ഒരു രസകരമായ കാര്യം കാണിക്കാനുണ്ട്.''

അച്ഛന്റെ വാക്കുകൾകേട്ട് ഉത്സാഹത്തോടെ കുട്ടികൾ വേഗത്തിൽ തയ്യാറായിവന്നു.

''അച്ഛാ പറയൂ എന്താണ് കാര്യം''

അനുവിന്റെ ചോദ്യത്തിൽ വളരെയധികം ആകാംക്ഷ ഉണ്ടായിരുന്നു.

‘‘മക്കളേ. . .  ഇന്നലെ സർക്കസ് കാണാൻ പോയപ്പോൾ ഒരു സമ്മാനക്കൂപ്പൺ കിട്ടിയിരുന്നു. അതിലെ ഒരു ചോദ്യത്തിന് ഉത്തരംകണ്ടെത്തിയാൽ സമ്മാനംകിട്ടും. ഉത്തരംകണ്ടെത്താൻ കഴിയുമോ?’’

(അധ്യാപകരോട്: സമ്മാനകൂപ്പണിലെ ചോദ്യം കാർഡിൽ എഴുതി/ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ച് കുട്ടികൾക്ക് നൽകണം. ഇത് കുട്ടികൾക്ക് വ്യക്തിഗതമായി വായിക്കുന്നതിനുള്ള അവസരം നൽകണം.)

## സമ്മാന കൂപ്പൺ

***ഗ്രാൻഡ് സർക്കസ് കാണാൻ എത്തിയതിന് അഭിനന്ദനങ്ങൾ . . .***

ചോദ്യം: കേരളത്തിൽ നടക്കുന്ന ഏറ്റവും വലിയ സർക്കസ് ആണ് നിങ്ങൾ കണ്ടത്. മനുഷ്യനും മൃഗങ്ങളും ചേർന്നവതരിപ്പിച്ച സാഹസികതകൾ രംഗങ്ങൾ നിറഞ്ഞ നിരവധി ഇനങ്ങൾ നിങ്ങൾ കണ്ടു. 4 മണിക്കു തുടങ്ങി 6 മണിവരെ നീണ്ടുനിന്ന ഈ സർക്കസ് പരിപാടിയിൽ ഏതെല്ലാം മൃഗങ്ങളാണ് ഉണ്ടായിരുന്നത്. മൃഗങ്ങളുടെ പേരുകൾ 94******* എന്ന നമ്പറിലേക്ക് നിങ്ങൾ സർക്കസ് കണ്ടതിന്റെ അടുത്ത ദിവസം വൈകുന്നേരം 5 മണിക്കുമുമ്പായി ടൈപ്പ് ചെയ്ത് അയയ്ക്കണം. ഏറ്റവും കൂടുതൽ മൃഗങ്ങളുടെ പേരുകൾ അയക്കുന്ന ആദ്യത്തെ 5 പേർക്ക് ആകർഷകമായ സമ്മാനം ഉണ്ടായിരിക്കും.

പേര് : ..............................................................................

സ്ഥലം : : ..........................................................................

ഫോൺ നമ്പർ : : ..................................................................

**പ്രവർത്തനം 8 – സ്വപ്നത്തിലെ കാഴ്ചകൾ. . .**

**ശേഷികൾ/ധാരണകൾ  : ആശയങ്ങൾ വാചികമായി അവതരിപ്പിക്കുന്നതിന്**

അടുത്തദിവസവും സർക്കസ് കണ്ടതിന്റെ സന്തോഷത്തിലും ഉത്സാഹത്തിലും ആയിരുന്നു അനുവും വിനുവും. അന്ന് അവരുടെ വീട്ടിൽ ഒരു അതിഥിയെത്തി. മുംബൈയിലുള്ള ഗോപിമാമനും കുടുംബവും. അവരോട് ഗ്രാൻഡ് സർക്കസിനെക്കുറിച്ച് അനുവും വിനുവും സംസാരിച്ചു കൊണ്ടേയിരുന്നു.

‘‘മക്കളെ നിങ്ങളെ മുംബൈയിലുള്ള എന്റെ വീട്ടിലേക്ക് വേനലവധിക്കാലത്ത് കൊണ്ടു പോകാം. . .’’

ഗോപി മാമൻ പറഞ്ഞു.

‘‘മാമാ. . . നമ്മൾ എങ്ങനെ പോകും. . . ട്രെയിനിലാണോ? വിമാനത്തിൽ ആണോ?

വിനുവിന്റേതായിരുന്നു സംശയം

‘‘നിങ്ങൾ വിമാനത്തിൽ കയറിയിട്ടില്ലല്ലോ? നമുക്ക് യാത്ര വിമാനത്തിൽ ആക്കിയാലോ?’’ ഗോപിമാമൻ ചോദിച്ചു.

‘‘ എങ്കിൽ ഈ അവധിക്കാലത്ത് മക്കളെ വിമാനത്തിൽക്കയറ്റി മുംബൈയിൽ കൊണ്ടുവരാം. . . ’’ അച്ഛൻ പറഞ്ഞു.

കുട്ടികൾ സന്തോഷംകൊണ്ടു തുള്ളിച്ചാടി.

‘‘ഹായ് വിമാനത്തിലെ യാത്ര എന്തു രസമായിരിക്കും അല്ലേ. . .?





അനു ചിരിച്ചുകൊണ്ടു വിനുവിനോട് പറഞ്ഞു. വീടിന്റെ പുറത്തിറങ്ങി കളിക്കുമ്പോഴും കുട്ടികളുടെ മനസിൽ വിമാനയാത്രയായിരുന്നു. ആകാശത്തിലെ യാത്രകളെക്കുറിച്ച് അനുവിന്റെയും വിനുവിന്റെയും ചിന്തകൾ ഊഹിച്ചുപറയാമോ?

അധ്യാപകരോട്: ആകാശയാത്രകളെക്കുറിച്ച് കുട്ടികൾ ഊഹിച്ചുപറയുമ്പോൾ യഥാർഥത്തിൽ വിമാനയാത്രകൾ നടത്തിയ കുട്ടികൾ ഉണ്ടാകും. അവർക്ക് അവസാനം പറയുന്നതിന് അവസരം നൽകുന്നത് ആയിരിക്കും ഉചിതം. അതിനുശേഷം അധ്യാപകൻ/അധ്യാപിക വിമാനയാത്ര നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ അനുഭവങ്ങൾ പങ്കുവയ്ക്കാം. അധ്യാപകൻ/അധ്യാപിക വിമാനയാത്ര നടത്തിയിട്ടില്ലെങ്കിൽ ഊഹിച്ച് പറയുകയും ചെയ്യാം.

**പ്രവർത്തനം 9 - വർണ്ണങ്ങൾ . . .**

**ശേഷികൾ/ധാരണകൾ : പദസമ്പത്ത് വർധിപ്പിക്കുന്നതിന്**

അനുവും വിനുവുമൊന്നിച്ച്
സർക്കസ്സു കാണാനെത്തിപ്പോയി. . .
ഒത്തിരിയൊത്തിരി ഇഷ്ടായി
സന്തോഷത്താൽ തുള്ളിച്ചാടി
നിറമുള്ള കാഴ്ചകൾ കണ്ടുകണ്ടു
മതിയാവോളം നടന്നേപോയി
ആയിരം വർണങ്ങൾ പൂത്തുലഞ്ഞു
മനതാരിൽ വർണങ്ങൾ നിറഞ്ഞുനിന്നു.

**അധ്യാപകർക്കുള്ള നിർദേശങ്ങൾ**

കവിത ഈണത്തിൽ അധ്യാപകൻ/അധ്യാപിക അവതരിപ്പിക്കണം. വ്യത്യസ്തമായ നിറങ്ങളെക്കുറിച്ച് കുട്ടികളോട് പറയുമ്പോൾ പൂക്കളെയും, മഴവില്ലിനെയും പക്ഷികളെയും മൃഗങ്ങളെയും കുറിച്ച് പറയുമല്ലോ?

അനുവും വിനുവും സർക്കസ് കൂടാരത്തിൽ നിരവധി വർണങ്ങൾ കണ്ടു. അവർ കണ്ട നിറങ്ങൾ ചതുരത്തിൽ നിന്നും കണ്ടെത്താമോ?

| | | | | |
|---|---|---|---|---|
| നീ | ച്ച | മ | ഓ | പ്പ് |
| വ | റ | പ | വ | ല |
| വെ | ഞ്ഞ | ചു | ള്ള | റോ |
| മ | ഞ്ഞ് | റു | യ | ന്ത |
| ക | ജ | ല | സ് | റ്റ് |

<u>കണ്ടെത്തിയ നിറങ്ങൾ</u>

**പ്രവർത്തനം 10 : കഥപറയും നേരം**

**ശേഷികൾ/ധാരണകൾ :** കഥകൾ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും, എഴുതിയും അവതരിപ്പിക്കുക.

ഗോപി മാമൻ നന്നായി കഥ പറയുന്ന ആളായിരുന്നു. ഗോപി മാമൻ കഥ പറയുന്നത് കേൾക്കാൻ കുട്ടികൾക്ക് വളരെ ഇഷ്ടമായിരുന്നു. അനുവും വിനുവും ഭക്ഷണം കഴിച്ചതിനു ശേഷം മാമന്റെ അടുത്തുചെന്നു.

''കഴിഞ്ഞതവണ മാമൻ വന്നപ്പോൾ പറഞ്ഞുതന്ന കഥകൾ ഇപ്പോഴും എനിക്ക് ഓർമ്മയുണ്ട്. ഒരു കഥ കൂടി പറഞ്ഞു തരാമോ .. . ''

വിനു ചോദിച്ചു.

''അതിനെന്താ – ഇവിടെ ഇരുന്നോളൂ. . കഥ പറഞ്ഞുതരാം. . . ഇന്ന് പറയുന്നത് ഈസോപ്പു കഥകളാണ്''

*കഥയുടെ പേര് : **"സിംഹവും കുറുക്കനും"***

ഒരു സിംഹവും കുറുക്കനും തങ്ങളുടെ കുട്ടികളെക്കുറിച്ച് സംസാരിക്കുകയായിരുന്നു. സിംഹം പറഞ്ഞു ''എന്ത് ആരോഗ്യവാന്മാരും സുന്ദരന്മാരും ആണ് എന്റെ കുട്ടികൾ. അവരുടെ ശരീരത്തിലെ രോമക്കുപ്പായം കാണാൻ എന്ത് ഭംഗിയാണ്.''

അപ്പോൾ കുറുക്കൻ പറയഞ്ഞു '' എനിക്ക് നിന്നെപ്പോലെയല്ല, ഒരു പ്രസവത്തിൽ കൂടുതൽ കുട്ടികൾ ഉണ്ടാകും. അവരെക്കാണുന്നത് തന്നെ ഒരു സന്തോഷമാണ്. എന്നാൽ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട് ഒരു പ്രസവത്തിൽ നിനക്ക് ഒരിക്കലും ഒന്നിൽ കൂടുതൽ കുട്ടികൾ പിറക്കാറില്ലല്ലോ.''

അപ്പോൾ സിംഹം പറഞ്ഞു: ''ശരിയാണ് പിറക്കുന്ന കുട്ടികളുടെ എണ്ണം ഒന്നിൽ കൂടാറില്ല. എന്നാൽ പിറക്കുന്നത് ഒരു സിംഹക്കുട്ടിയാണ്.''

ഗുണപാഠം: എണ്ണമല്ല ഗുണമാണ് വലുത്.

ഗോപി മാമൻ കഥ പറഞ്ഞു നിർത്തി. എന്നിട്ടു ചോദിച്ചു.

''നിങ്ങൾക്ക് കഥ ഇഷ്ടമായോ. . . '' രണ്ടു പേരും ചിരിച്ചുകൊണ്ട് തലയാട്ടി.

''നിങ്ങൾ രണ്ടുപേരും ഇതേ കഥ നിങ്ങളുടെ രീതിയിൽ നോട്ട്ബുക്കിൽ എഴുതി എന്നെ കാണിക്കണം. ഈ കഥയ്ക്ക് മനോഹരമായ പേരും നൽകണം.''

കുട്ടികൾ രണ്ടുപേരും അതേ എന്ന അർഥത്തിൽ തലയാട്ടുകയും ''ശരി മാമാ'' എന്നു പറയുകയും സന്തോഷത്തോടെ എഴുന്നേറ്റുപോവുകയും ചെയ്തു.

അധ്യാപകരോട്: ഈസോപ്പുകഥകൾ, പഞ്ചതന്ത്രം കഥകൾ പോലുള്ള കഥാപുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കാൻ നൽകുകയും അവ ക്ലാസ്സിൽ അവതരിപ്പിക്കുവാൻ അവസരം നൽകുകയും ചെയ്യണം. വായിച്ചകഥകൾ കുട്ടികളുടേതായ രീതിയിൽ നോട്ടുബുക്കിൽ എഴുതാനും അധ്യാപകർ അത് പരിശോധിച്ച് മികച്ചവയ്ക്ക് അഭിനന്ദനങ്ങളും സമ്മാനങ്ങളും നൽകണം)

തുടർപ്രവർത്തനം: സ്കൂൾ ലൈബ്രറിയിലോ നാട്ടിലെ ലൈബ്രറികളിലോ പോയി കുട്ടികൾ ബാലസാഹിത്യകൃതികൾ എടുത്ത് വായിക്കുകയും വായിച്ച പുസ്തകത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കി വരുന്നതിനും ഉള്ള പ്രവർത്തനം

**പ്രവർത്തനം 11 : സ്നേഹം**

**ശേഷികൾ/ധാരണകൾ :** കുട്ടികളിൽ സ്നേഹം, അനുതാപം എന്നീ മാനവികമൂല്യങ്ങൾ വികസിപ്പിക്കുക.

കഥ കേട്ടതിനുശേഷം ചായകുടിച്ച് അനുവും വിനുവും വീടിന്റെ പൂമുഖത്ത് ഇരുന്നു.

''മക്കളേ നിങ്ങൾക്ക് എടുത്തുവച്ച ചായ എന്തേ നിങ്ങൾ മുഴുവനായി കുടിക്കാത്തത്. . . '' അടുക്കളയിൽ നിന്നും അമ്മ വിളിച്ചുചോദിച്ചു.

''അമ്മേ ഞാൻ കുടിച്ചു. എനിക്കു ഇപ്പോൾ വിശക്കുന്നില്ല. ചായ പകുതി ഗ്ലാസ്സു മതി. അല്ലെങ്കിലും എനിക്കു വിശക്കുന്നുണ്ടോ എന്ന് എനിക്കല്ലേ അറിയൂ. . . എനിക്കു മതി അമ്മേ''

വിനുവിന്റെ ശബ്ദം ഉയർന്നുകേട്ടു. ഭക്ഷണം കഴിക്കാനായി പലപ്പോഴും അമ്മ നിർബന്ധിക്കുമ്പോൾ വിനുവിനു ദേഷ്യം വരും. അപ്പോഴൊക്കെ അവൻ ശബ്ദം ഉയർത്തിയാണ് സംസാരിക്കുന്ന്.

പെട്ടെന്ന് വലിയ മിന്നൽ ഉണ്ടായി. വലിയ അലർച്ചയോടെ ഇടിവെട്ടി. പേടിച്ചുകരഞ്ഞുകൊണ്ട് വിനു അടുക്കളയിലേക്കോടി. അമ്മയെ കെട്ടിപ്പിടിച്ചുനിന്നു.

''അമ്മേ എനിക്കു പേടിയാകുന്നു.''

പേടിയോടെ പതിഞ്ഞസ്വരത്തിൽ ആണ് വിനു സംസാരിച്ചത്.

''മോനേ. . . നീ പേടിക്കേണ്ട. . . ഇനി ഇടിവെട്ടില്ല'' അമ്മ വിനുവിനെ ആശ്വസിപ്പിച്ചു.

''അമ്മ ചായ മുഴുവൻ ആയി കുടിക്കാൻ പറഞ്ഞപ്പോൾ മോനെ വിനു. . . നിനക്കു ദേഷ്യം വന്നു അല്ലേ. . . എന്നിട്ടിപ്പോൾ ഒരു ചെറിയ ഇടി വെട്ടിയപ്പോൾ വന്ന് അമ്മയെ കെട്ടിപ്പിടിച്ചു നിൽക്കുന്നോ''

അച്ഛൻ ചിരിച്ചുകൊണ്ടാണ് ചോദിച്ചത്.

''ഞാൻ അമ്മയോട് ദേഷ്യപ്പെട്ടില്ല. . . എനിക്ക് അമ്മയെ ഇഷ്ടമാണ്. . . ''

വിനു കൊഞ്ചിക്കൊണ്ട് പറഞ്ഞ് അമ്മയെ കെട്ടിപ്പിടിച്ച് ഒരു ഉമ്മകൊടുത്തു. അമ്മ തിരിച്ചും വിനുവിന് ഉമ്മകൊടുത്തു.

''അമ്മേ ഇതു കണ്ടോ. . . ''

അനു സന്തോഷത്തോടെ ഒരു ചിത്രം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് അടുക്കളയിലേക്ക് വന്നത്.

''എന്താണത് . . . '' അമ്മ ആകാംഷയോടെ ചോദിച്ചു.

''ഇത് വിനുവരച്ച ചിത്രമാണ്. ഇത് ആരൊക്കെയാണ് എന്ന് നോക്കൂ. . .''

ചിത്രം അനു വാങ്ങി നോക്കി. മനോഹരമായ ചിത്രം ആയിരുന്നു. ചിത്രത്തിൽ ഒരു പുരുഷനും സ്ത്രീയും ഉണ്ടായിരുന്നു. അതിന്റെ അടിയിൽ രേഖപ്പെടുത്തിയിരുന്നു.

''എന്റെ അച്ഛനും അമ്മയും''
അച്ഛനും ചിത്രം വാങ്ങി നോക്കി. . . സന്തോഷം കൊണ്ട് വിനുവിനെ കെട്ടിപ്പിടിച്ചു. ''ഇതു മാത്രം അല്ല ഇനി രണ്ട് ചിത്രങ്ങളും കൂടിയുണ്ട്. ഞാൻ എടുത്തുകൊണ്ടുവരാം. . . ''

വിനു അടുത്തമുറിയിലേക്ക് ഓടി. തിരിച്ചുവന്നപ്പോൾ രണ്ട് പേപ്പർ കൂടി കൊണ്ടുവന്നു. ഒന്നാമത്തെ ചിത്രത്തിന്റെ അടിയിൽ ഇങ്ങനെ എഴുതിയിരുന്നു ''ഞാനും എന്റെ ചേച്ചിയും.''
രണ്ടാമത്തെ ചിത്രം വളരെ വലുതായിരുന്നു. അതിന്റെ അടിയിൽ എഴുതിയിരുന്നു. ''എന്റെ കുടുംബം''. ആ ചിത്രത്തിൽ അനുവും, വിനുവും അമ്മയും അച്ഛനും മുത്തശ്ശനും മുത്തശ്ശിയും ഉണ്ടായിരുന്നു.

''അച്ഛന്റെ മൊബൈലിലെ ഫോട്ടോ നോക്കിയാണ് ഞാൻ ഇത് വരച്ചത്. . . കൊള്ളാമോ?''
ചിത്രം വാങ്ങി നോക്കിയ അച്ഛനും അമ്മയും സന്തോഷംകൊണ്ടു പുഞ്ചിരിച്ചു.

അധ്യാപകരോട്: കുട്ടികളുടെ കുടുംബാംഗങ്ങളുടെ ചിത്രം വരയ്ക്കാനുള്ള പ്രവർത്തനം നൽകുകയും അത് വരച്ചുകൊണ്ട് വരുന്നവരെ അഭിനന്ദിക്കുകയും മികച്ചതിന് സമ്മാനം നൽകുകയും വേണം. കുട്ടികളോട് തങ്ങളുടെ കുടുംബത്തെക്കുറിച്ച് ലഘുവിവരണം തയാറാക്കട്ടെ. എഴുതിയ കുറിപ്പുകൾ പരസ്പരം കൈമാറിയും ടീച്ചർ വെർഷന്റെയും അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുക.

**എന്റെ കുടുംബം**

*****************